# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.lfa.kerala.gov.in

# ഭരണിക്കാവ് ഗ്രാമപഞ്ചായത്ത്

# 2014-15 ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ

**e-mail:ddhglfalpy@gmail.com**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി6-829/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
തീയതി: 29-07-2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഭരണിക്കാവ് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് - 2014-15 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

******************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി/പി6-829/2016 തീയതി: 29-07-2016

**ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2014-15സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4), 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2014-15സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 15/5/2016 മുതൽ 31/10/2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. ഇ.വി.മഹേശ്വരി<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14/6/16മുതൽ 21/6/16 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ജി.ഹരികുമാർ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീമതിമിനി.പി.രാധാകൃഷ്ണൻ | അസി.ഓഡിറ്റ് |

| | | |
|---|---|---|
| | | ഓഫീസർ |
| | ശ്രീ. ചന്ദ്രശേഖരൻ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഫമിൻ.എസ്.എം | സീനി.ഗ്രേ.ഓഡിറ്റർ |

<u>(ബി)നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതിഎം.ശ്യാമളദേവി | 1-4-14മുതൽ 31-3-15വരെ |
| സെക്രട്ടറി | ശ്രീ പി.സോമരാജൻ | 1-4-14മുതൽ 28-2-15വരെ |
| | ശ്രീമതി.സബീന (അസി.സെക്രട്ടറി) | 1-3-15മുതൽ 31-3-15വരെ |
| <u>നിർവ്വഹണ ഉദ്യോഗസ്ഥർ</u> | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ആഫീസർ | ശ്രീമതി.ഷാനിതബീവി | 01/04/14മുതൽ 31/03/15 വരെ |
| വി.ഇ.ഒ | ശ്രീമതി.ഷൈലജ | 01/04/14മുതൽ 31/03/15 വരെ |
| വി.ഇ.ഒ | ശ്രീ.ജയലാൽ | 01/04/14മുതൽ 31/03/15 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സലീന ബീവി | 01/04/14മുതൽ 02/09/14 വരെ |
| | ശ്രീമതി.ശ്രീകുമാരി | 03/09/14മുതൽ 31/03/15 വരെ |
| വെറ്റ്നറി സർജൻ | ഡോ.ബീന | 01/04/14മുതൽ 31/03/15 വരെ |
| എച്ച്.എം(ഗവ. യു.പി.എസ്. പള്ളിക്കൽ | ശ്രീ.രഘുനാഥക്കുറുപ്പ് | 01/04/14മുതൽ 24/06/14 വരെ |
| | ശ്രീമതി.പ്രസന്നകുമാരി | 25/06/14 മുതൽ 31/03/15 വരെ |
| മെഡിക്കൽ | ഡോ.ബോബൻ | 01/04/14മുതൽ |

| | | |
|---|---|---|
| ആഫീസർ (ഹോമിയോ) | | 31/03/15 വരെ |
| മെഡിക്കൽ ആഫീസർ (പി.എച്ച്.സി) | ഡോ.ദിവ്യ ജയറാം ദാസ് | 01/04/14മുതൽ 31/03/15 വരെ |
| മെഡിക്കൽ ആഫീസർ (ആയുർവ്വേദം) | ഡോ.റസീന | 01/04/14മുതൽ 31/03/15 വരെ |
| അസി.സെക്രട്ടറി | ശ്രീമതി സബീന | 01/04/14മുതൽ 31/03/15 വരെ |
| അസി.എൻജിനീയർ | ശ്രീമതി. ഇന്ദുശ്രീ | 01/04/14മുതൽ 31/03/15 വരെ |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നം. |
|---|---|---|
| 1 | പൊതു അവലോകനം | 1-1 മുതൽ 1-10 വരെ |
| | ഭാഗം 2 | |
| 2 | ബിൽഡിംഗ് പെർമിറ്റ്- ഫയൽ ഓഡിറ്റിന് ഹാജരാക്കിയില്ല. കെട്ടിട നിർമ്മാണം ചട്ടങ്ങൾ പാലിക്കാതെ | 2-1 |
| 3 | ഡി & ഒ ലൈസൻസ് യഥാകാലം പുതുക്കുന്നില്ല | 2-2 |
| 4 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിന് കളക്ഷൻ ചാർജ്ജ് ഈടാക്കിയില്ല | 2-3 |
| | ഭാഗം 3 | |
| 5 | നാമ്പുകുളം വാട്ടർ സ്റ്റേഡിയം – ഒടുക്കിയ മണൽവില തിരികെ നൽകിയത് വ്യവസ്ഥാപിതമായല്ല, അധിക തുക തിരികെ നൽകി | 3-1 |

| | | |
|---|---|---|
| 6 | കിണർ നിർമ്മാണം (എസ്.സി.പി) പ്രോ.നം.എസ്.ഒ.067/15 & ജനറൽ – സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വികസനഫണ്ട് ചെലവഴിച്ചു – 2ലക്ഷം രൂപയുടെ അധികച്ചെലവ് | 3-2 |
| 7 | കാലാവധിയ്ക്കകം പൂർത്തീകരിക്കാത്ത മരാമത്തുപണികൾ – പൊതുമരാമത്തു മാന്വലിലെ വ്യവസ്ഥകൾ പാലിച്ചില്ല | 3-3 |
| 8 | ഔഷധിയിൽ നിന്ന് മരുന്നുകൾ യഥാകാലം ലഭിക്കുന്നില്ല | 3-4 |
| 9 | ധൂമചൂർണ്ണം വിതരണം ചെയ്യുന്നതിന് ആശാവർക്കർമാരുടെ സേവനം ഉപയോഗപ്പെടുത്തിയില്ല- വൻതുക ചെലവഴിച്ചു | 3-5 |
| 10 | യുവജന ക്ലബ്ബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വിതരണം നടത്താതെ അവശേഷിക്കുന്നു | 3-6 |
| 11 | മിനിട്ട്സ് ബുക്ക് പരിശോധനയ്ക്കു ഹാജരാക്കിയില്ല | 3-7 |
| 12 | സ്റ്റോക്കിലുൾപ്പെടുത്തി വിതരണം കാണിച്ചിട്ടില്ല | 3-8 |
| | ഭാഗം 4 | |
| 13 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1മുതൽ 4-9 വരെ |

## ഭാഗം -1

## പൊതു അവലോകനം

## പൊതു അവലോകനം

### 1-1 ബജറ്റ്

2014-15വർഷത്തെ ബജറ്റ് 12.02.2014 തിയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും, വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ

താരതമ്യപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. ഫണ്ട്, ഫംഗ്ഷൻ, ഫംഗ്ഷണറി അടിസ്ഥാനത്തിൽ (ബജറ്റ് സെന്ററർ) ബജറ്റ് തയ്യാറാക്കേണ്ടതാണ്.

**1-2 വാർഷിക ധനകാര്യപത്രിക.**

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31ജൂലൈ-2015 | 20.07.2015 | --- | ------ |

**1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.**

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2014-15 | 2/9/2015 | കെ.എസ്.എ.എൽ.പി-ജി.എ5/113/15, 14/12/2015 |

**1-4 സാമ്പത്തിക വിശകലനം**

| | |
|---|---|
| മുന്നിരിപ്പ് | 9603320 |
| വരവ് | 94378057 |
| ആകെ | 103981377 |
| ചെലവ് | 70962527 |
| നീക്കിയിരിപ്പ് | 33018850 |

**1-5 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 383184 | 14615000 | 14998184 | 11110174 | 3888010 | 74.08 |
| വികസനഫണ്ട് എസ്.സി.പി.* | 139421 | 10008000 | 10147421 | 3890142 | 6257279 | 38.34 |
| വികസനഫണ്ട് ടി.എസ്.പി.** | 10000 | 12000 | 22000 | 00 | 22000 | 00 |
| സംരക്ഷണഗ്രാന്റ് റോഡ് | 181212 | 7041000 | 7222212 | 5399710 | 1822502 | 74.77 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 112432 | 4856000 | 4968432 | 1503880 | 3464552 | 30.27 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 00 | 10264870 | 10264870 | 6732649 | 3532221 | 65.59 |
| പെർഫോമൻസ് ഗ്രാന്റ് | 2005874 | 3997000 | 6002874 | 2003527 | 3999347 | 33.38 |
| ബി ഫണ്ട് | | 16134023 | 16134023 | 16134023 | | |

* പട്ടികജാതി വിഭാഗങ്ങൾക്കുള്ള ഫണ്ട് വിനിയോഗം വളരെ കുറയുന്നതിനെക്കുറിച്ച് പരിശോധിക്കേണ്ടതാണ്.

** പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഫണ്ട് വിനിയോഗിക്കപ്പെടുന്നില്ല. പഞ്ചായത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാരില്ലെങ്കിൽ നടപടിക്രമങ്ങൾ പാലിച്ച് തുക സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

*** പ്ലാൻ ഫണ്ടിന്റെ (എ ഫണ്ട്) ചെലവ് തൻവർഷ വരവിന്റെ 60.32 ശതമാനം മാത്രമാണ്. പദ്ധതിപ്പണം ഫലപ്രദമായി വിനിയോഗിക്കാൻ കഴിയും വിധം പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

**1-6പദ്ധതി അവലോകനം.**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ

ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് *** | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 168 | 68543615 | 112 | 35144372 | 42 | 10 | 75 |

*** പദ്ധതി അടങ്കലിന്റെ 51 ശതമാനം മാത്രമാണ് ചെലവ് വന്നത്. പഞ്ചായത്തിന്റെ യഥാർത്ഥ ആവശ്യം കണ്ടറിഞ്ഞ് പദ്ധതികൾ ആസൂത്രണം ചെയ്യാനും ആസൂത്രണം ചെയ്യുന്നവ നടപ്പാക്കാനും ശ്രദ്ധിക്കേണ്ടതാണ്.

**1-7 തനത് വരുമാനം.**

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം 2013-14 | തൻവർഷം 2014-15 | വ്യത്യാസം | വർദ്ധനവിന്റെ ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 4388573 | 5844012 | 1455439 | 33.16 |
| നികുതിയേതര വരവുകൾ | 1563389 | 1777582 | 214193 | 13.7 |
| മറ്റ് വരവുകൾ | 144151 | 130846 | 13305(-) | 9.23 (-) |
| ആകെ | 6096113 | 7752440 | 1656327 | 27.17 |

**ക്ഷേമപദ്ധതികൾ1-8**

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 517560 | 259 |
| കർഷകതൊഴിലാളി പെൻഷൻ | 8774264 | 1216 |
| വിധവാപെൻഷൻ | 8060223 | 1162 |
| വാർദ്ധക്യകാലപെൻഷൻ | 2379740 | 245 |
| വികലാംഗപെൻഷൻ | 2724854 | 318 |

**1-9 ക്യാഷ് വെരിഫിക്കേഷൻ**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.07.2016 3.05പി.എം. ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2073രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22/6/16 | 1/5/16മുതൽ 30/5/16 വരെ | ലഭിച്ചില്ല |

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ബിൽഡിംഗ് പെർമിറ്റ് -ഫയൽ ഓഡിറ്റിന് ഹാജരാക്കിയില്ല. കെട്ടിടനിർമ്മാണം ചട്ടങ്ങൾ പാലിക്കാതെ

താഴെപ്പറയുന്ന ബിൽഡിംഗ് പെർമിറ്റുകൾ സംബന്ധിച്ച (വിവരങ്ങൾ ശേഖരിച്ചത് പെർമിറ്റ് രജിസ്റ്ററിൽ നിന്ന്) അപേക്ഷകൾ, സ്കെച്ച്, മറ്റ് രേഖകൾ എന്നിവ ഉൾക്കൊള്ളുന്ന ഫയൽ ഓഡിറ്റിൽ ഹാജരാക്കാൻ ആവശ്യപ്പെട്ട് 12/7/16 ൽ ഓഡിറ്റ് റിക്വസിഷൻ നൽകിയെങ്കിലും ഫയൽ ഹാജരാക്കിയില്ല.

| ഫയൽ നം | അപേക്ഷ തീയതി | പെർമിറ്റ് നൽകിയ തീയതി | അപേക്ഷകൻ |
|---|---|---|---|
| 6191/14-15 | 29/8/14 | 29/9/14 | അഷറഫ്, കന്നയിൽ തെക്കതിൽ |
| 5243/14-15 | 29/7/14 | 25/8/14 | കൃഷ്ണകുമാർ, ചേന്നങ്കര |
| 1698/14-15 | ലഭ്യമല്ല | 19/5/15 | സി.ഷാജി, ഐശ്വര്യനിവാസ് |

ഇവയിൽ രണ്ടാമത്തെ കെട്ടിടം നേരിട്ട് പരിശോധിച്ചു. ഇതേകെട്ടിടത്തിന് 2013-14 ൽ 6085/13-14നമ്പരായി 29/10/13 ൽ നൽകിയ പെർമിറ്റ് പുതുക്കി നൽകുകയാണ് ഉണ്ടായത്.

ഈ കെട്ടിടനിർമ്മാണത്തിൽ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ലംഘനം ഉണ്ടായിട്ടുണ്ട്. കെട്ടിടം കൊമേഴ്സൽ ഇനത്തിൽ ലൈസൻസ് എടുത്തെങ്കിലും നാലാം നിലയുടെ (തേഡ് ഫ്ലോർ) നിർമ്മാണം പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 34പ്രകാരമുള്ള A2 ഗണത്തിൽവരും വിധമാണ്. എന്ന് മാത്രമല്ല ചട്ടം 56, 58 എന്നിവ പ്രകാരം 10മീ. വരെ ഉയരമുള്ള കെട്ടിടത്തിന്റെ പിന്നിലും വശങ്ങളിലും 1.5മീറ്റർ അകലം വസ്തു അതിരിൽ നിന്ന് പാലിക്കേണ്ടതാണ്. ഉയരം വർദ്ധിക്കുന്നതനുസരിച്ച ഓരോ 3മീറ്ററിനും അതിന്റെ അംശത്തിനും 0.5 മീറ്റർ വീതം പ്രസ്തുത അകലം വർദ്ധിപ്പിക്കണം. ഈ കെട്ടിടത്തിന്റെ ഉയരം പതിനാറ് മീറ്ററോളം ഉള്ളതിനാൽ ഈ അകലം 2.5 മീ. വേണം. ഇവിടെ പിന്നിൽ 1.2 മീറ്ററും കിഴക്ക് പാർശ്വത്തിൽ 1.6 മീറ്ററും പടിഞ്ഞാറ് 1.2 മീറ്ററുമാണ് അതിരിൽ നിന്നുള്ള കുറഞ്ഞ അകലം. ഇപ്രകാരം ചട്ടലംഘനം ബോദ്ധ്യമായതിന്റെ അടക്കമുള്ള ഫയലാണ് ലഭ്യമല്ലാതിരിക്കുന്നത്. ഫയലുകൾ ലഭ്യമല്ലാത്തതിനെക്കുറിച്ച് ഭരണവകുപ്പ് അന്വേഷിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങൾ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് പരിശോധിപ്പിക്കേണ്ടതുമാണ്.

### 2-2 ഡി & ഒ ലൈസൻസ് യഥാകാലം പുതുക്കുന്നില്ല

പഞ്ചായത്തിൽ 2014-15 ആകെ 222പേർ ഡി & ഒ ലൈസൻസുകൾ എടുക്കുകയോ പതുക്കുകയോ ചെയ്തതിൽ ഒരാൾ മാത്രമാണ് യഥാകാലം (സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുപ്പത്

ദിവസം മുൻപ്) അപേക്ഷ നൽകിയത്. 6 പേർ 2015 മാർച്ചിലാണ് തൻവർഷ ലൈസൻസ് പുതുക്കിയത്. യഥാകാലം ലൈസൻസിന് അപേക്ഷിക്കാതിരുന്നവർ കേരള പഞ്ചായത്ത് രാജ് (കുറ്റങ്ങൾ രാജിയാക്കൽ) ചട്ടങ്ങൾ പ്രകാരമുള്ള അപേക്ഷയും നൽകിയിട്ടില്ല. എല്ലാസ്ഥാപനങ്ങളും യഥാകാലം ലൈസൻസ് എടുക്കുകയും പുതുക്കുകയും ചെയ്യുന്നു എന്ന് ഉറപ്പിക്കേണ്ടതാണ്.

### 2-3 നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതത്തിന് കളക്ഷൻ ചാർജ് ഈടാക്കിയില്ല

ദി ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് ആക്ട് - 1996 വകുപ്പ് 3 ഉപവകുപ്പ് 3 പ്രകാരം തദ്ദേശഭരണ സ്ഥാപനം ശേഖരിക്കുന്ന ഫണ്ടിന്റെ ഒരുശതമാനം അതത് തദ്ദേശഭരണ സ്ഥാപനത്തിന് കളക്ഷൻ ചാർജ്ജായി ഈടാക്കാവുന്നതാണ്. എന്നാൽ ഈ പഞ്ചായത്ത് ഇത്തരത്തിൽ കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല. ഇതുമൂലം തൻവർഷം 1264 രൂപയുടെ നഷ്ടം (നിർമ്മാണ പ്രവർത്തനത്തിന് ആകെ ചെലവഴിച്ച 12646591രൂപയുടെ 0.01ശതമാനം) ഉണ്ടായി. ഭാവിയിൽ നഷ്ടം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 നാമ്പുകുളം വാട്ടർ സ്റ്റേഡിയം - ഒടുക്കിയ മണൽവില തിരികെ നൽകിയത് വ്യവസ്ഥാപിതമായല്ല, അധിക തുക തിരികെ നൽകി

നാമ്പുകുളം വാട്ടർ സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് കുളത്തിന്റെ ആഴം കൂട്ടുവാനായി കുഴിച്ചെടുത്ത മണ്ണ് കൂട്ടിയിടുവാൻ ഇടമില്ലാത്തതിനാൽ മണ്ണ് കുഴിച്ചെടുക്കാനുള്ള അവകാശം ലേലംചെയ്ത് നൽകണമെന്ന് ആവശ്യപ്പെട്ട് 3/5/14 ൽ ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് അസി.എൻജിനീയർ കത്ത് നൽകി. ഇതോടൊപ്പം 2/5/14 ൽ തയ്യാറാക്കിയ സർവ്വേ റിപ്പോർട്ട് ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇത് പ്രകാരം 803 ഘനമീറ്റർ മണ്ണ് കുഴിച്ചെടുക്കാവുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 6/5/14 ലെ ലേലനോട്ടീസ് പ്രകാരം ലേലം 14/5/14 ൽ നടത്തുകയും ഘനമീറ്ററിന് 540രൂപ വിളിച്ച ബാബു, വിനുഭവനം, കണ്ണനാകുഴിക്ക് 19/5/14 ലെ നം.7 തീരുമാനപ്രകാരം പഞ്ചായത്ത് സമിതി ലേലം ഉറപ്പിച്ച് നൽകുകയും ചെയ്തു. മുഴുവൻ ലേലതുകയും മുൻകൂറായി അടക്കാൻ നിർദ്ദേശിക്കുകയും മണ്ണിന്റെ വില 433620രൂപയും(803*540) മൂല്യവർദ്ധിത നികുതി (14.75 ശതമാനം) 63958 രൂപയും ഉൾപ്പടെ 497578 രൂപ പഞ്ചായത്തിൽ അടച്ചു. (ലേല ഡെപ്പോസിറ്റ് 50000-രസീത് നം 11402100601- 14/5/14, 447578രൂപ -രസീത് നം.11402100952 - 30/5/14) കൂടാതെ നിരതദ്രവ്യമായി 7500 രൂപയും അടച്ചു (രസീത് നം 11402100602 തീയതി 14 /5/14). ഇപ്രകാരം ആകെ 505078 രൂപ ഇപ്രകാരം അടച്ചു. 20/5/14 ൽ 803 ഘ.മീ. മണ്ണ് എടുക്കാൻ സെക്രട്ടറി ഉത്തരവ് നൽകി (നം. A5/3395/14).

ഇപ്രകാരം അനുമതി ലഭിച്ചതിനെ തുടർന്ന് 31/5/14മുതൽ 5/6/14 വരെ 107 പാസുകൾ വഴി 561.7

ഘ.മി. മണ്ണ് എടുത്തതായാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിന്റെ വിലയായ 303318 രൂപയും മൂല്യവർദ്ധിത നികുതി 44739 രൂപയും ഉൾപ്പടെ 348057 രൂപ മുൻകൂർ തുകയിൽ നിന്നും കിഴിച്ച് 157021 (നിരതദ്രവ്യമായ 7500 രൂപയും ഉൾപ്പടെ) രൂപ ലേലം കൊണ്ടയാൾക്ക് തിരികെ നല്കി (ചെക്ക് നം 162445, വൌച്ചർ നം 21400174, ബിൽ നം 177 തീയതി 18/6/14). 18/6/14 ൽ ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് അസി.എൻജിനീയർ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ റിപ്പോർട്ട് പ്രകാരം (17/6/14 ലെ കത്തിന് മറുപടി) ആകെ 660ഘന.മീ. മണ്ണ് എടുത്തതിൽ 90 ഘ.മി. മണ്ണ് അവിടെതന്നെ ഫില്ലിംഗിനായി ഉപയോഗിച്ചത് കിഴിച്ച് ബാക്കി 570 ഘ.മി. മണ്ണ് ലേലം കൊണ്ടയാൾ എടുത്തിട്ടുണ്ട്. ഇതിന്റെ വില 307800 രൂപയും(570*540) മൂല്യവർദ്ധിത നികുതി 45401രൂപയും ഉൾപ്പടെ 353201 കിഴിച്ച് 151877 രൂപ മാത്രമാണ് (നിരതദ്രവ്യമായ 7500 രൂപയും ഉൾപ്പടെ) തിരികെ നൽകാവുന്നത്. എന്നാൽ 5144രൂപ അധികമായി തിരിച്ച് നൽകി (മണ്ണിന്റെ വില 4482രൂപ, മൂല്യവർദ്ധിത നികുതി 662രൂപ). ഈ തുക, പണം തിരികെ നൽകിയ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

മേൽപ്പറഞ്ഞ തുക, 157021രൂപ തിരികെ നൽകിയത് പഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരം വാങ്ങാതെയാണ്. വൌച്ചറിനൊപ്പം 12/6/15ലെ VI(5) തീരുമാനം എന്ന നിലയിൽ തുക തിരികെ നൽകാനുള്ള തീരുമാനം പകർപ്പ് എഴുതി വച്ചിട്ടുണ്ട്. എന്നാൽ 12/6/15ലെ VI(5) തീരുമാനം അംഗണവാടിയിലെ കിണറിനെ സംബന്ധിച്ചാണെന്നാണ് മിനിറ്റ്സിൽ രേഖപ്പെടുത്തിയിരിക്കുന്നത്. മണലെടുപ്പ് പൂർത്തിയായതായി പാസ് ഇഷ്യൂ റജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന 5/6/14 നും റിഫണ്ട് അനുവദിച്ച 18/6/14 നും ഇടയിൽ നടന്ന ഒരേയൊരു പഞ്ചായത്ത് സമിതിയോഗം 12/6/15 ൽ ആണ്. ഈ യോഗത്തിൽ റിഫണ്ട് സംബന്ധിച്ച തീരുമാനം എടുത്തിട്ടില്ല എന്ന് മിനിറ്റ്സിൽ നിന്ന് വ്യക്തമാകുന്നു ഇല്ലാത്ത തീരുമാനമാണ് വ്യാജമായി എഴുതിവച്ചിരിക്കുന്നത്. റിഫണ്ട് വൌച്ചർ പ്രസിഡന്റ് അധികൃതമാക്കിയിട്ടുമില്ല. ആകയാൽ മുൻഖണ്ഡികയിൽ പ്രതിപാദിച്ച 5144രൂപ കിഴിച്ച് 151877 രൂപയും റിഫണ്ട് അനുവദിച്ച സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

ഇത് മാത്രമല്ല, നിരതദ്രവ്യമായ 7500 രൂപ മറ്റ് തുകയോടൊപ്പം പ്രത്യേക വൌച്ചറില്ലാതെ തിരികെ നൽകിയത് ചട്ടവിരുദ്ധമാണ്. മുഴുവൻ റിഫണ്ട് തുകയും 140900203 എന്ന വരവ് ശീർഷകത്തിലാണ് കുറവ് ചെയ്തിരിക്കുന്നത്. നിരതദ്രവ്യം തിരികെ നൽകുമ്പോൾ ലയബിലിറ്റി ഹെഡിൽ കുറവ് വരുത്തേണ്ടതാണെങ്കിലും അതുണ്ടായിട്ടില്ല. ഡിപ്പോസിറ്റ് രജിസ്റ്ററിലും റീഫണ്ട് വിവരം രേഖപ്പെടുത്തിയിട്ടില്ല. ഇപ്പോഴും ഈ തുക പഞ്ചായത്ത് അക്കൌണ്ട്സിൽ ലയബിലിറ്റിയായി അവശേഷിക്കുന്നു. ഇതെല്ലാം കാണിച്ച് നൽകിയ ആഡിറ്റ് അന്വേഷണത്തിന് (നമ്പർ ഒന്ന്-തീയതി 8/7/2016) മറുപടി ലഭ്യമാക്കിയില്ല.

പ്രസ്തുത സാഹചര്യത്തിൽ അനധികൃതമായി ചെലവഴിച്ച 157021രൂപ സെക്രട്ടറിയുടെ ബാദ്ധ്യതയായി നിർണ്ണയിക്കുന്നു.

### 3-2 കിണർ നിർമ്മാണം (എസ്സ്.സി.പി.)പ്രോ.നം.എസ്സ്.ഒ.067/15 & ജനറൽ - സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വികസന ഫണ്ട് ചെലവഴിച്ചു - 2 ലക്ഷം രൂപയുടെ അധികച്ചെലവ്.

16.11.2013-ലെ സ.ഉ.(എം.എസ്സ്.)നം.362/13/ത.സ്വ.ഭ.വ. ഖണ്ഡിക.5(1) ലെ വ്യവസ്ഥകളിലാണ് കിണർ നിർമ്മാണത്തിനർഹമായ സബ്സിഡിയെപ്പറ്റി പരാമർശിച്ചിട്ടുള്ളത്. ഇതനുസരിച്ച് സംസ്ഥാനത്തെ മൂന്ന് മേഖലകൾക്കും(മലനാട്,ഇടനാട്,തീരപ്രദേശം) വ്യത്യസ്ഥ നിരക്കിലാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. ഇതനുസരിച്ച് ഈ പദ്ധതിക്ക് സംസ്ഥാനത്തെ മലനാട് ഭാഗങ്ങളിൽ വികസന ഫണ്ടിൽ നിന്നും അനുവദിക്കാവുന്ന പരമാവധി സബ്സിഡി രൂ.22,000, ഇടനാട് ഭാഗങ്ങളിൽ അനുവദിക്കാവുന്ന പരമാവധി സബ്സിഡി രൂ 17,000, തീരപ്രദേശത്തനുവദിക്കാവുന്ന പരമാവധി സബ്സിഡി രൂ.12,000.എന്നീ ക്രമങ്ങളിലാണ്. കേന്ദ്ര വനം പരിസ്ഥിതി വകുപ്പിന്റെ അനുബന്ധ സ്ഥാപനമായ ENVIS സെന്റർ കേരള പ്രസിദ്ധീകരിച്ചിരിക്കുന്ന ഭൂപടവും സ്ഥിതിവിവരവും പ്രകാരം സമുദ്രനിരപ്പിൽ നിന്നും 7.5 മീറ്റർ മുതൽ 76 മീറ്റർ വരെ ഉയരമുള്ള ഭാഗമാണ് ഇടനാട് എന്ന സംജ്ഞയിൽ വരുന്നത്. ഇവരുടെ ഭൂപടം പ്രകാരം ആലപ്പുഴ ജില്ലയിലെ തെക്കൻ മേഖലകളിൽ, സമുദ്ര തീരത്തുനിന്നും 20.കി.മീ വരെയുള്ള പ്രദേശങ്ങൾ തീരപ്രദേശമാണ്. ഇതിൽ നിന്നും ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് പ്രദേശം തീരപ്രദേശമാണെന്ന് വ്യക്തമാകുന്നതാണ്. മാത്രമല്ല ഗ്രാമപഞ്ചായത്തിലെ ആകെയുള്ള 21 വാർഡുകളിൽ 1,2,3,4,5,15,16,17,18,19,20,21 എന്നീ വാർഡുകൾ ഉൾപ്പെടുന്ന പ്രദേശങ്ങൾ "Ordinary earth (വെള്ള മണ്ണ്)"ഉള്ളതാണെന്നും 8,9,10,11,12 എന്നീ വാർഡുകൾ ഉൾപ്പെടുന്ന കിഴക്കൻ പ്രദേശങ്ങൾ "gravelly earth (ചുവന്ന മണ്ണ്)" ആണെന്നും 6,7,13,14 എന്നീ വാർഡുകൾ ഉൾപ്പെടുന്ന സ്ഥലങ്ങൾ ഭാഗികമായി രണ്ടുതരം മണ്ണുമുള്ള പ്രദേശങ്ങളാണ്(12.07.16-ൽ ഗ്രാമപഞ്ചായത്തിലെ അസി.എൻജിനീയർ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ). ഗ്രാമ പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥർ ഇതൊന്നും പരിഗണിക്കാതെ ഗ്രാമപഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ഉൾപ്പെട്ട വ്യക്തികൾ നിർമ്മിച്ച കിണറുകൾക്ക് ഇടനാടിന് ബാധകമായ നിരക്കിലുള്ള സബ്സിഡി അനുവദിച്ചു നൽകുകയാണുണ്ടായത്. താരതമ്യേന കടുപ്പം കൂടിയ "gravelly earth (ചുവന്ന മണ്ണ്)" ഉള്ള 8,9,10,11,12 എന്നീ വാർഡുകളിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കൾ നിർമ്മിച്ച കിണറുകൾക്ക് ഇടനാടിന് ബാധകമായ സബ്സിഡി അനുവദിച്ചുനൽകിയാൽ തന്നെയും Ordinary earth (വെള്ള മണ്ണ്) ഉള്ള 1,2,3,4,5,15,16,17,18,19,20,21 എന്നീ വാർഡുകളിലെ ഗുണഭോക്താക്കൾക്ക് ഉയർന്ന നിരക്കിലുള്ള സബ്സിഡി അനുവദനീയമല്ല. അതുപോലെതന്നെ ഭാഗികമായി രണ്ടുതരം മണ്ണുമുള്ള പ്രദേശങ്ങളായ 6,7,13,14 എന്നീ വാർഡുകളിലെ ഗുണഭോക്താക്കൾ നിർമ്മിക്കുന്ന കിണറുകൾക്ക് മണ്ണിന്റെ തരമനുസരിച്ചുംവേണം സബ്സിഡി അനുവദിക്കേണ്ടത്. ഇവയൊന്നും പരിഗണിക്കാതെ എല്ലാ ഗുണഭോക്താക്കൾക്കും ഒരേ നിരക്കിൽ സബ്സിഡി അനുവദിച്ചുനൽകി.

വിശദവിവരങ്ങൾ താഴെച്ചേർക്കുന്നു.

| ക്രമനം. | ഗുണഭോക്താവിന്റെ പേരും വാർഡ് നമ്പരും | അനുവദിച്ച സബ്സിഡി | അനുവദനീയം | ചെലവുവിവരം. | |
|---|---|---|---|---|---|
| 1. | രാജി, കടുവിനാത്തു പടീറ്റതിൽ -2 | 17,000.രൂ. | 12,000.രൂ. | ബിൽ നം -855/14-15/27-2-15 102,000.രൂ. | സോമരാജൻ |
| 2. | ശിവരാമൻ, പുത്തൻതറ പടീറ്റതിൽ-17. | 17,000.രൂ. | 12,000.രൂ. | " | |
| 3. | അനിൽ, മാറാട്ടേരിൽ-16 | 17,000.രൂ. | 12,000.രൂ. | " | |
| 4. | രത്നമ്മ, അനിൽ ഭവനം - 15. | 17,000.രൂ. | 12,000.രൂ. | " | |
| 5. | രാഗിണി, അഖിൽ ഭവനം - 15. | 17,000.രൂ. | 12,000.രൂ. | " | |
| 6. | വസന്തി, | 17,000.രൂ. | 12,000.രൂ. | ബിൽ നം -923/14-15/16-3-15 | സബീന |

| | | | | | |
|---|---|---|---|---|---|
| | മുതിരക്കണ്ടത്തിൽ-4 | | | 134,000.രൂ. | |
| 7. | ഷാജി, മഠത്തിൽക്കണ്ടത്തിൽ-5 | 17,000.രൂ. | 12,000.രൂ. | ,, | |
| 8. | രാധാമണി, തുളസിത്തറയിൽ - 16. | 17,000.രൂ. | 12,000.രൂ. | ,, | |
| 9. | പ്രസന്നൻ, ഉറയിക്കൽ - 15. | 17,000.രൂ. | 12,000.രൂ. | ,, | |
| 10. | രേണുക, പറമ്പിൽ തറയിൽ - 18. | 17,000.രൂ. | 12,000.രൂ. | ,, | |
| 11. | ഭാരതി, വാലയ്യത്ത് - 4. | 17,000.രൂ. | 12,000.രൂ. | ,, | |
| 12. | സുഗതൻ, തെക്കുടുക്കത്ത് തെക്കേതറയിൽ - 5 | 17,000.രൂ. | 12,000.രൂ. | ബിൽ നം -951/14-15/26-3-15 153,000.രൂ. | |
| 13. | ബിനു കുമാർ, മൂലയിൽ ചിറയിൽ - 2 | 17,000.രൂ. | 12,000.രൂ. | ,, | |
| 14. | ഇന്ദിര, ബിനുഭവനം - 4. | 17,000.രൂ. | 12,000.രൂ. | ,, | |
| 15. | ശാന്ത സുരേന്ദ്രൻ, ഓതറപടീറ്റതിൽ-21 | 17,000.രൂ. | 12,000.രൂ. | ,, | |
| 16. | രമണി, കൊണക്കോട്ട് - 4 | 17,000.രൂ. | 12,000.രൂ. | ,, | |
| 17. | രാജേഷ് കുമാർ, ജെ.ആർ.ഭവനം -5. | 17,000.രൂ. | 12,000.രൂ. | ,, | |
| 18. | വിജയൻ, ചേങ്കരതെക്കതിൽ - 21. | 17,000.രൂ. | 12,000.രൂ. | ,, | |
| 19. | ലളിതാമ്മാൾ, ശിവഭവനം - 5. | 17,000.രൂ. | 12,000.രൂ. | ബിൽ നം-3/14-15/21-2-15 249,575.രൂ. | സോമരാജൻ |
| 20 | ചെല്ലമ്മ, വടുതലവീട് -15. | 16,875.രൂ. | 12,000. | , | |
| 21. | ജലജമ്മ, പാലമുറ്റത്ത് - 1 | 15,750.രൂ. | 12,000.രൂ. | ,, | |
| 22. | കൃഷ്ണൻകുട്ടി, മണലാടികുറ്റിയിൽ - 2. | 17,000.രൂ. | 12,000.രൂ. | ,, | |
| 23. | ലളിത, മാന്താനത്ത് - 18. | 17,000.രൂ. | 12,000.രൂ. | ,, | |
| 24. | സുധർമ്മ, അനിൽഭവനം - 20. | 16,875,രൂ. | 12,000.രൂ. | ,, | |
| 25. | കെ.ചന്ദ്രൻ,മഠത്തിൽ - 2 | 17,000.രൂ. | 12,000.രൂ. | ,, | |
| 26. | തങ്കമ്മ ശാമുവേൽ,പുതുപ്പുര കിഴക്കതിൽ - 20. | 17,000.രൂ. | 12,000.രൂ. | ,, | |
| 27. | രത്നമ്മ, പുതുപ്പുരയ്ക്കൽവടക്കതിൽ - 4 | 17,000.രൂ. | 12,000.രൂ. | ,, | |
| 28. | ചന്ദ്രമതിയമ്മ, ചക്കാലത്തറയിൽ - 4 | 17,000.രൂ. | 12,000.രൂ. | ,, | |
| 29. | മോഹനൻ.കെ, അഞ്ജലി ഭവനം - 4 | 17,000.രൂ. | 12,000.രൂ. | ,, | |

| | | | | | |
|---|---|---|---|---|---|
| 30. | രാധാകൃഷ്ണൻ, തറയിൽപുത്തൻവീട്-3 | 17,000.രൂ. | 12,000.രൂ. | ,, | |
| 31. | ഷെഹീറ, വാലുതറയിൽ - | 17,000.രൂ. | 12,000.രൂ. | ,, | |
| 32. | വിജയമ്മ, വയൽവാരത്ത് - 17. | 15,750.രൂ. | 12,000.രൂ. | ,, | |
| 33. | ഷീല, മറ്റത്ത്കോയിക്കൽ കിഴക്കതിൽ - 17. | 15,750.രൂ. | 12,000.രൂ. | ,, | |
| 34. | വാസുദേവൻപിള്ള, ചക്കാലേത്ത്-16. | 17,000.രൂ. | 12,000.രൂ. | ,, | |
| 35. | ഹരീന്ദ്രൻ, കൊടുവിരേത്ത് വടക്കതിൽ - 1. | 17,000.രൂ. | 12,000.രൂ. | ,, | |
| 36. | അംബുജാക്ഷൻ, മാളിയേക്കൽ തറയിൽ - 1. | 15,750.രൂ. | 12,000.രൂ. | ,, | |
| 37. | ഷവാനത്ത്, ഷെമിമൻസിൽ - 15. | 16,875.രൂ. | 12,000.രൂ. | ,, | |
| 38. | ശ്രീകല, പോക്കാടത്ത് - 16 | 16,875.രൂ | 12,000.രൂ. | ബിൽ നം. 5/14-15/29.3.15. 4,22,375. | സബീന |
| 39. | തങ്കമണി, തേവിരേത്ത് - 3. | 16,875.രൂ. | 12,000.രൂ. | ,, | |
| 40. | പ്രസാദ്.ജി, രാധാഭവനം - 19. | 17,000.രൂ. | 12,000.രൂ. | ,, | |
| 41. | ശ്രീമതി, മംത്തിലയ്യത്ത് - 5. | 17,000.രൂ. | 12,000.രൂ. | ,, | |
| 42. | സ്മിത, ഇടയിലെവീട്ടിൽ കിഴക്കതിൽ_ 5. | 17,000.രൂ. | 12,000.രൂ. | ,, | |

ഈ രീതിയിൽ ഗുണഭോക്താക്കൾക്ക് ഉയർന്നനിരക്കിൽ സബ്സിഡി അനുവദിച്ചു നൽകിയതുമൂലം വികസന ഫണ്ടിൽ നിന്നും ആകെ 204375രൂപയുടെ അധികച്ചെലവുണ്ടായിട്ടുണ്ട് (33x5000+5x4875+4x3750). ഇതിൽ 89750.രൂ. അസി.സെക്രട്ടറി നിർവ്വഹിച്ച കിണർ നിർമ്മാണം (എസ്സ്.സി.പി.)എന്ന പദ്ധതി പ്രകാരവും ബാക്കിയുള്ള 114625രൂ. വി.ഇ.ഒ നിർവ്വഹിച്ച കിണർ നിർമ്മാണം(ജനറൽ)എന്ന പദ്ധതി പ്രകാരവുമുണ്ടായ അധികച്ചെലവാണ്. സബ്സിഡി ഇനത്തിൽ വികസന ഫണ്ടിൽ നിന്നും അധികമായിച്ചെലവഴിച്ച 200,625രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 കാലാവധിയ്ക്കകം പൂർത്തീകരിക്കാത്ത മരാമത്തുപണികൾ -- പൊതുമരാമത്തു മാന്വലിലെ വ്യവസ്ഥകൾ പാലിച്ചില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ളതും മുൻവർഷങ്ങളിൽ ആരംഭിച്ച് 2014-15 വർഷം പൂർത്തികരിച്ചിട്ടുള്ളതുമായ വിവിധ പദ്ധതികളിൽ കേരള പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. കേരള പൊതുമരാമത്ത് മാന്വൽ (ജി.ഒ.പി.13/2012പി.ഡബ്ള്യുഡി/1-2-2012) സെക്ഷൻ 2112പ്രകാരം മരാമത്തുവേലകളുടെ പൂർത്തീകരണത്തിനുള്ള സമയദീർഘീകരണം ഒറ്റത്തവണ ഒറിജിനൽ പൂർത്തീകരണ സമയത്തിന്റെ 25% അല്ലെങ്കിൽ 6മാസം ഏതാണോ കുറവ് അതിൽ അധികമാകാൻ പാടില്ല എന്നും പരമാവധി ദീർഘീകരണം ഒറിജിനൽ പൂർത്തികരണ സമയത്തിന്റെ 50% ത്തിൽ അധികമാകാൻ പാടില്ല എന്നും, പൂർത്തീകരണ കാലാവധി

കരാറുകാരന്റെ പിഴവുമൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം എന്നും വ്യവസ്ഥ ചെയ്യുന്നു. ഇതിനായി ഒറിജിനൽ പൂർത്തീകരണ കാലാവധിക്കകം ദീർഘിപ്പിക്കലിനായി എ.ഇ.മുഖേന അപേക്ഷ നൽകേണ്ടതും ഇപ്രകാരം അപേക്ഷ നൽകാത്തപക്ഷം കരാർ ദുർബ്ബലപ്പെടുത്തേണ്ടതുമാണ്. ദീർഘീകരണം ലഭ്യമാക്കാതെ പൂർത്തീകരണ കാലാവധിക്കുശേഷം ചെയ്യുന്ന പ്രവർത്തി അനധികൃതമാണ്. ഇതിന് പേയ്മെന്റ് നൽകാവുന്നതല്ല. എന്നാൽ ചുവടെ ചേർക്കുന്ന വർക്കുകളിൽ ഈ വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

| പ്രൊജ. നമ്പർ | പ്രവർത്തിയുടെ പേര് / ആരംഭിച്ച വർഷം | കരാറുകാരന്റെ പേര് / എഗ്രിമെന്റ് നം | പ്രവർത്തി പൂർത്തി - കരിക്കേണ്ട തീയതി | പ്രവർത്തി പൂർത്തി-കരിച്ച തീയതി | ചെലവു വിവരം | | ആകെ ചെലവു തുക |
|---|---|---|---|---|---|---|---|
| | | | | | ബിൽ നം/ തീയതി | തുക | |
| 64 /15 | കുറ്റിയിൽമുക്കു്--അമ്പോലിമുക്കു് റോഡ് മെറ്റലിംഗ് & ടാറിംഗ് / 2013-14 | മുഹമ്മദ് താഹ / 26/13-14 dt:30-10-13 | 29-02-2014 | 24-01-2015 | 18/14-15/ 24-12-14<br>23/14-15/ 12-02-15 | 364113<br>148960 | 513073 |
| 78/15 | കൊച്ചുവിളമുക്ക് - ആയിക്കോമത്തു മുക്ക്-റോഡ് മെറ്റലിംഗ് &ടാറിംഗ് / 2012-13 | മുഹമ്മദ് താഹ / 10/12-13 dt:06-02-13 | 15-03-2013 | 29-12-2014 | 24/13-14/ 20-12-13<br>21/14-15/ 31-12-14 | 402093<br>339758 | 741851 |
| 90/15 | കളരിക്കൽ--താഴെകണ്ടത്തിൽ റോഡ് റീടാറിംഗ് /2013-14 | മുഹമ്മദ് താഹ / 27/13-14 dt:30-10-13 | 29-01-2014 | 28-03-2015 | 48/14-15/ 31-03-15 | 578763 | 578763 |
| 65/15 | പുതുക്കാട്മുക്ക്-കളീക്കൽമുക്ക് റോഡ് മെറ്റലിംഗ് &ടാറിംഗ് | സദാലിയാക്കത്ത് / 24/13-14 dt:29-10-13 | 28-02-2014 | 29-12-2014 | 54/13-14/ 26-03-14<br>20/14-15/ 31-12-14 | 184699<br>479259 | 663958 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 2013-14 | | | | | | |
| 70/15 | വട്ടപ്പണ-പഞ്ചായത്ത് അതിർത്തിറോഡ് 2013-14 | സദാലിയാക്കത്ത് / 25/13-14 dt:29-10-13 | 28-01-2014 | 29-12-2014 | 22/13-14/ 31-12-14 | 188915 | 188915 |

മേൽ വിവരിച്ച പദ്ധതികൾ കരാർപ്രകാരമുള്ള കാലാവധിക്കകം പൂർത്തീകരിച്ചിട്ടില്ല. കാലാവധി നീട്ടുന്നതിനു കരാറുകാരൻ പൂർത്തീകരണ കാലാവധിക്കുള്ളിൽ അപേക്ഷ നൽകുകയോ ആയതിന്റെ അടിസ്ഥാനത്തിൽ പൂർത്തികരണ കാലാവധി ദീർഘിപ്പിക്കുകയോ ചെയ്തിട്ടില്ല. കേരള പൊതുമരാമത്ത് മാന്വൽ പ്രകാരം ഒറിജിനൽ പൂർത്തികരണ കാലാവധിയുടെ 50% മാത്രമാണ് പരമാവധി ദീർഘിപ്പിച്ചു നൽകാവുന്നത്. എന്നാൽ ഈ പദ്ധതികളില്ലാം അനുവദനീയമായ ദീർഘീകരണ കാലയളവിനു ശേഷമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ആകയാൽ കേരള പൊതുമരാമത്ത് മാന്വൽ അനുസരിച്ച് ഈ പദ്ധതികൾ അനധികൃതമാണ്.

ഈ സാഹചര്യത്തിൽ കരാറുകാർക്ക് ചെലവു തുക അനുവദിച്ചു നൽകിയതിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിനു(നം 3) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ഹാജരാക്കിയിട്ടുണ്ട്. പ്രസ്തുത മറുപടിയിൽ വർക്കുകൾ പൂർത്തീകരിക്കുന്നതിനു കരാറുകാർക്കു നോട്ടീസുകൾ നൽകിയിരുന്നുവെന്നും, വർക്കുകൾ പൂർത്തീകരിക്കാത്തതു സംബന്ധിച്ച് 14-03-14 ൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറി എന്നിവർക്കു കത്തു നൽകിയിരുന്നുവെന്നും നിർവ്വണ ഉദ്യോഗസ്ഥ ബോധിപ്പിച്ചിട്ടുണ്ട്. എന്നാൽ മേൽ നടപടിക്രമങ്ങൾ എല്ലാം പ്രവർത്തികളുടെ ഒറിജിനൽ പൂർത്തികരണ കാലാവധിക്കു ശേഷമാണ് നടന്നിട്ടുള്ളത്. മാത്രവുമല്ല അനുവദനീയമായ പരമാവധി ദീർഘീകരണ കാലാവധിക്കു ശേഷമാണ് പ്രവർത്തികൾ എല്ലാം പൂർത്തീകരിച്ചിട്ടുള്ളത്. ആകയാൽ കരാറുകാർക്കു ചെലവു തുക അനുവദിച്ചു നൽകിയ നടപടി പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾക്കു വിരുദ്ധമാണ്. ഇക്കാരണത്താൽ ചെലവു തുകകൾ നിരാകരിക്കുന്നു(2686560/-). ചെലവു തുകകൾ കരാറുകാരിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനു ശുപാർശ ചെയ്യുന്നു.

## 3-4 ഔഷധിയിൽ നിന്ന് മരുന്നുകൾ യഥാകാലം ലഭിക്കുന്നില്ല

മരുന്ന് വാങ്ങുന്നതിനായി 4 ലക്ഷം രൂപ 22/11/14ൽ ഔഷധിക്ക് നല്കിയിട്ടുണ്ട് (പദ്ധതി നം 13/14-15 ബിൽ നം. 2a തീയതി 18/11/14). ഔഷധി 27/11/14 ൽ കരാർ വച്ചിട്ടുണ്ട്. 13160/ഡി.എ1/2010ത.സ്വ.ഭ.വ തീയതി 28/11/10 സർക്കുലർ പ്രകാരം കരാർ വച്ച് 60 ദിവസത്തിനകം മരുന്ന് ലഭ്യമാക്കാത്തപക്ഷം ഔഷധിയിൽ നിന്ന് പിഴ ഈടാക്കാവുന്നതാണ്. ഇത് പ്രകാരം 25/1/15 ന് അകം മരുന്ന് വാങ്ങിക്കേണ്ടതായിരുന്നു. എന്നാൽ ആവശ്യപ്പെട്ട 79 മരുന്നുകളിൽ 34 എണ്ണം പ്രസ്തുത

തീയതിക്ക് ശേഷമാണ് ലഭിച്ചത്. ആവശ്യപ്പെട്ട മുഴുവൻ മരുന്നും ലഭിച്ചതുമില്ല. എന്നിട്ടും പിഴയീടാക്കാൻ പഞ്ചായത്ത് നടപടി സ്വീകരിച്ചില്ല. ഔഷധങ്ങൾ യഥാകാലം ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

### 3-5 ധൂമചൂർണ്ണം വിതരണം ചയ്യുന്നതിന് ആശാവർക്കർമാരുടെ സേവനം ഉപയോഗപ്പെടുത്തിയില്ല - വൻതുക ചെലവഴിച്ചു

പഞ്ചായത്തിൽ പദ്ധതി നം 39/14-15 വഴി 336000 രൂപ ചെലവഴിച്ച് 10000 കവർ അപരാജിത ധൂമചൂർണ്ണം വാങ്ങി വിതരണം ചെയ്തു (ബിൽ നം. 4 തീയതി 29/12/14). ഇവ 21 വാർഡുകളിൽ വിതരണം ചെയ്യാൻ 42 പേർക്ക് 1000 വീതം 42000 രുപ ചെലവഴിച്ചു. അതായത് ഒരു കവർ ചൂർണ്ണ വിതരണത്തിന് 4.2 രൂപ ചെലവഴിച്ചു. ആശാവർക്കർമാർ വഴിയോ നേരിട്ടോ വിതരണം ചെയ്യാമെന്നിരിക്കെ ഇത്തരത്തിൽ തുക ചെലവവിച്ചത് അനാവശ്യമാണ്. പ്രസ്തുത തുക 42000 രുപ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥയിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

### 3-6 യുവജന ക്ളബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വിതരണം നടത്താതെ അവശേഷിക്കുന്നു

എച്ച്.എം. നടപ്പിലാക്കിയ യുവജന ക്ലബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ -എന്ന പദ്ധതി പ്രകാരം 2,00,000/- രൂപയ്ക്ക് (ബിൽ നം.1/14-15 തീയതി 30-03-2015)സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. രജിസ്ട്രേഷനുള്ള 20 യുവജന ക്ളബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വിതരണം ചെയ്യുവാൻ ഉദ്ദേശിച്ചാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. എന്നാൽ സ്റ്റോക്ക്, വിതരണ രേഖകൾ എന്നിവ പരിശോധിച്ചതിൽ, 2 ക്ലബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വിതരണം ചെയ്തിട്ടില്ലായെന്ന് കാണുന്നു. മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ഉപകരണങ്ങൾ ക്ലബുകൾക്കായി വിതരണം ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അടിയന്തിരമായി രജിസ്ട്രേഷനുള്ള യുവജന ക്ലബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

### 3-7 മിനിട്ട്സ് ബുക്ക് പരിശോധനയ്ക്കു ഹാജരാക്കിയില്ല

13-10-14 മുതൽ 02-03-15 വരെയുള്ള പഞ്ചായത്ത് കമ്മറ്റികളുടെ മിനിട്ട്സ് ബുക്ക് ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിനു മറുപടി ഹാജരാക്കിയിട്ടില്ല. മിനിറ്റ്സ് ബുക്ക് മുൻ സെക്രട്ടറിയുടെ പക്കലാണെന്നും അത് ഉടന് വീണ്ടെടുക്കുമെന്നാണ് എക്സിറ്റ് മീറ്റിംഗിൽ ഭരണ സമിതിഅംഗങ്ങൾ അറിയിച്ചത്. മിനിട്ട്സ് ബുക്ക് ഹാജരാക്കാത്തതിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനു ഭരണസമിതിയോടു ശുപാർശ ചെയ്യുന്നു.

### 3-8 സ്റ്റോക്കിലുൾപ്പെടുത്തി വിതരണം കാണിച്ചിട്ടില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ അംഗൻവാടി ന്യൂട്രീഷൻ പ്രോഗ്രാം എന്ന പദ്ധതിയ്ക്കായി ബിൽ നം. ബി7/14-15 പ്രകാരം 3,60,493/-രൂപ പിൻവലിച്ചതിൽ 68,600/-രൂപ, സ്നേഹ അമൃതം ഫുഡ് സപ്ലിമെന്റ് എന്ന സ്ഥാപനത്തിന് അമൃതം ഫുഡ് പ്രോഡക്ട് വാങ്ങാൻ ചെലവഴിച്ചിട്ടുണ്ട്. ബിൽ നം. 113 തീയതി 7-01-2015 ലെ സ്ഥാപനത്തിന്റെ ബിൽ നം. 113 പ്രകാരമുള്ള 25 കിലോ അമൃതം ഫുഡ് സപ്ലിമെന്റും 28-02-2015 ലെ ബിൽ നം. 121 പ്രകാരം 1200കിലോ അമൃതം ഫുഡ് സപ്ലിമെന്റും കിലോയ്ക്ക് 56/- രൂപ നിരക്കിൽ വാങ്ങിയതിന്റെ വിലയായിട്ടാണ് സ്ഥാപനത്തിന് ടി തുക നൽകിയിട്ടുള്ളത്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ, 7-01-2015 ലെ ബിൽ പ്രകാരം വാങ്ങിയ 25 കിലോ അമൃതം

പൊടി സ്റ്റോക്കിലുൾപ്പെടുത്തി വിതരണം ചെയ്തതായി കാണുന്നില്ല. മേൽ വിഷയം സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7 തീയതി12-07-2016ന്) മറുപടി ലഭ്യമാക്കിയില്ല. ആകയാൽ ഇതിനായി ചെലവഴിച്ച 1400/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

**4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ**

| നിർവ്വഹണ ഏജൻസി | പ്രവൃത്തി | ഡിമാന്റ് ഡ്രാഫ്റ്റ് നം. | മുൻകൂർ തുക | ചെലവ് | ബാക്കി |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | അയ്യങ്കാളി കൈപ്പള്ളിച്ചിറ-വെട്ടിക്കോട് വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 717535, 717531/ 1-1-2015, | 205433 | -- | 205433 |
| കെ.എസ്.ഇ.ബി | ചെറുവള്ളിത്തറ കോളനിയിൽ പോസ്റ്റ് മാറ്റിയിടൽ | 717826-23/1/15 | 43421 | -- | 43421 |

**4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്**

ഇല്ല.

**4-4. വായ്പ/ വായ്പ തിരിച്ചടവ്**

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMSഭവന പദ്ധതി | 318/2010 28/01/2010 | 10185000 | 6111000 | 1018500 | 427822 | 5092500 |

**4-5. സ്ഥിരനിക്ഷേപങ്ങൾ**

ഇല്ല.

**4-6. ഓഡിറ്റ് റിക്കവറി**

ഇല്ല

**4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.**

ഇല്ല

**4-8. ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 94378057 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 70962527 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 28,86,981 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 204375 |

(ബി). **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 157,021/- | പി.സോമരാജൻ, സെക്രട്ടറി |
| 3-3 | | 26,86,560 | ഇന്ദുശ്രീ, അസി.എൻജിനീയർ |

| | | | |
|---|---|---|---|
| 3-4 | | 42,000 | ഡോ. റസീന, എം.ഒ. പി.എച്ച്.സി. ആയുർവേദം |
| 3-8 | | 1400 | ശ്രീകുമാരി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| | ആകെ | 28,86,981 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 204375/- | 89750/- സബീന, അസി.സെക്രട്ടറി<br>114625/- ജയലാൽ, വി.ഇ,ഒ |
| ആകെ | 204375/- | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സോമരാജൻ, സെക്രട്ടറി | വിരമിച്ചു | കൃഷ്ണപ്രിയ, ഇലിപ്പക്കുളം.പി.ഒ, കായംകുളം |
| ഡോ.റസീന, മെഡിക്കൽആഫീസർ ആയുർവ്വേദം | തുടരുന്നു | രഹാത്ത് പടനിലം എം.എസ്.എം കോളേജിന് സമീപം ,കായംകുളം |
| ശ്രീകുമാരി, ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ലഭ്യമല്ല | രേവതി,7/1306<br>പോങ്ങുംമൂട്,തിരുവനന്തപുരം |
| ഇന്ദുശ്രീ, അസി.എൻജിനീയർ | എ.ഇ,നീലംപേരൂർ | കാർത്തിക, പോസ്റ്റ്ഓഫീസിന്<br>സമീപം, ശാസ്താംകോട്ട പി.ഒ |

**4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97മുതൽ 2005-06 വരെ | എൽ.എഫ്.ജി.എ5/1832/11/02.02.12 | |
| 2006-07മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ5/1577/13/ 22.05.14 | |
| 2010-11 | എൽ.എഫ്.എ.പി6/21/2013/23.02.13/20.06.13 | |
| 2011-12 | എൽ.എഫ്.എ.പി6/1007/14/08.10.14 | |
| 2012-13 | എൽ.എഫ്.എ.പി6/234/15/04.04.15 | |
| 2013-14 | കെ.എസ്.എ-എ.എൽ.പി/ പി6-1615/15/23.12.15 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ആലപ്പുഴ

നം. കെ.എസ്.എ-എ.എൽ.പി/പി6-829/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്,ആലപ്പുഴ.

തീയതി: 29.07.2016

***ഓഡിറ്റ് സർട്ടിഫിക്കറ്റ്***

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2014-15 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2014-15 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP/P6-829/2016

Kerala State Audit Department,

District Audit Office,Alappuzha.

Date:29.07.2016

***AUDIT CERTIFICATE***

Certified that I have audited the Annual Financial Statement of Bharanikkavu Grama Panchayat in Alappuzha District for the year ended on 31.03.2015 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of panchayats.

In my opinion, the Financial Statements of Bharanikkavu Gramapanchayat for the year 2014-15 except the observations in my audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Alappuzha